LIBRARY ARCHIVES Kerala Legislative Assembly

കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ അധികവിപുലീകരണം

184 (1148) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ അധികവിപുലീകരണ പ്രവർത്തനങ്ങൾ പൂർണ്ണമായി നടപ്പിലാക്കിക്കഴിഞ്ഞുവോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ഇനിയും എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇവിടെ നടപ്പിലാക്കാനുള്ളത് ;

(സി) പ്രസ്തുത പദ്ധതിയുടെ സ്ഥാപിതശേഷി എത്ര മെഗാവാട്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതുവരെയുള്ള വിപുലീകരണപ്രവർത്തനങ്ങളുടെ ഫലമായി അധികമായി എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പദ്ധതിയുടെ പ്രവൃത്തി പൂർത്തീകരിച്ച് ഉത്പാദനം തുടങ്ങി. പദ്ധതി 19-8-2010-ൽ കമ്മീഷൻ ചെയ്തു കഴിഞ്ഞു.

(ബി) കരാറിന്റെ അനുബന്ധ ജോലികളായ റോഡ് പണി, സർവ്വീസ് ട്രാക്കിന്റെ റെയിൽ ഇടുന്ന പണി എന്നിവ തീരാറായിക്കൊണ്ടിരിക്കുന്നു. കരാർ കാലാവധി 30-4-2011 വരെയുണ്ട്.

(സി) 100 മെഗാവാട്ട്

(ഡി) 150 മെഗാവാട്ട് (KES-50 MW+KAES-100 MW).

കൂട്ടനാട് നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പൂർത്തീകരണത്തിന് നടപടി

185 (1149) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂട്ടനാട് നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പൂർത്തീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളുടെ വിശദമായ ലിസ്റ്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) കുട്ടനാട് നിയോജകമണ്ഡലം സമ്പൂർണ്ണമായി വൈദ്യുതീകരിക്കുന്നതിനായി 59.75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ എം.എൽ.എ. ഫണ്ടിൽ നിന്ന് 10.34 ലക്ഷം രൂപയും, ജില്ലാ പഞ്ചായത്ത് വിഹിതമായി 10 ലക്ഷം രൂപയും 10 ഗ്രാമപഞ്ചായത്തുകളുടെ വിഹിതമായി 9 ലക്ഷം രൂപയും നൽകാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. ബാക്കി തുകയായ 30.41 ലക്ഷം രൂപ ബോർഡ് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിലുൾപ്പെടുത്തി 27.917 കിലോമീറ്റർ ലൈൻ വലിച്ച് 723 ഗുണഭോക്താക്കൾക്ക് കണക്ഷൻ നൽകാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. ഫെബ്രുവരി 20-ന് ആലപ്പുഴ ജില്ല സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനത്തിനുമുമ്പുതന്നെ ഈ പ്രവൃത്തികളും തീരുന്നതാണ്.

(ബി) മണ്ഡലത്തിലെ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലാത്ത എല്ലാ വീടുകളും ഉൾപ്പെട്ടതാണ് ഗുണഭോക്തൃ ലിസ്റ്റ്.

തിരുവമ്പാടി മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം

186 (1150) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവമ്പാടി മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാനാണുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവമ്പാടി നിയോജക മണ്ഡലം വൈദ്യുതീകരിക്കുന്നതിനുവേണ്ടി കെ.എസ്.ഇ. ബോർഡ് നോർമൽ ഫണ്ടും ആർ.ജി.ജി.വി.വൈ. ഫണ്ടും ഉൾപ്പെടെ 11.55 കോടി രൂപയുടെ പ്രവൃത്തികൾക്ക് ബോർഡ് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ ബോർഡ് ഫണ്ട് ഉപയോഗിച്ചുള്ള 1.75 കോടി രൂപയുടെ ഉറുമി, പുവാമൻതോട് ഏരിയയുടെ വൈദ്യുതീകരണ പ്രവൃത്തികൾ നടന്നു വരുന്നുണ്ട്. ആർ.ജി.ജി.വി.വൈ. പ്രവൃത്തികൾക്ക് വേണ്ടിയുള്ള സർവ്വേ നടപടികളും നടന്നു വരുന്നു.

(ബി) ആർ.ജി.ജി.വി.വൈ പ്രവൃത്തികൾ കൂടി പൂർത്തിയാക്കുന്ന മുറയ്ക്ക് എത്രയും പെട്ടെന്ന് നടപ്പാക്കുന്നതാണ്.

LIBRARY ARCHIVED Kerala Legislative Assembly